Reg. No. : ....................................

Name : ..........................................

**SY-42**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2022**

Part – III

**SOCIAL WORK**

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## PART-I

**A. Answer any 5 questions from 1 to 9. Each carries 1 score.** **(5 × 1 = 5)**

1. Collaborations, competitions, confrontation are strategies of ________ method of Social Work.

   (a) Social Case Work  (b) Social Group Work

   (c) Community Organisation  (d) Social Action

2. Which of the following is not a characteristics of counselling ?

   (a) It involves two individuals.

   (b) It is only an advice given to needy person.

   (c) It is professional service based on scientific knowledge.

   (d) It is mutual relationship between the counsellor and counselee.

3. _______ is the source from where the communication originates.

   (a) Sender  (b) Medium

   (c) Message  (d) Feedback

4. Expand MGNREGP.

5. Proper nutrition is a component of ________.

   (a) Pollution  (b) Environment

   (c) Wellness  (d) Society

6. Which of the following statement is not true with regard to AIDS ?

   (a) AIDS is spread through unsafe sexual relations.

   (b) AIDS patients should be totally isolated from society.

   (c) Unexplained weight loss is one of the symptoms of AIDS.

   (d) AIDS awareness should be imparted to students.

## PART-I

**A. 1 മുതൽ 9 വരെ ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(5 × 1 = 5)**

1. ഒത്തുചേർന്നു പ്രവർത്തിക്കൽ, മത്സരം, ഏറ്റുമുട്ടൽ തുടങ്ങിയവ സോഷ്യൽ വർക്കിന്റെ ________ രീതിയുടെ തന്ത്രങ്ങളാണ്.
   (a) സോഷ്യൽ കേസ് വർക്ക് (b) സോഷ്യൽ ഗ്രൂപ്പ് വർക്ക്
   (c) കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (d) സോഷ്യൽ ആക്ഷൻ

2. താഴെ പറയുന്നവയിൽ കൗൺസലിംഗ് സവിശേഷത അല്ലാത്തത് എതാണ് ?
   (a) ഇതിൽ രണ്ട് വ്യക്തികൾ ഉൾപ്പെടുന്നു.
   (b) ആവശ്യക്കാരന് ഉപദേശം കൊടുക്കുക മാത്രമാണിത്
   (c) ശാസ്ത്രീയമായ അറിവിന്റെ അടിസ്ഥാനത്തിലുള്ള ഒരു തൊഴിലധിഷ്ഠിത പ്രവർത്തനമാണിത്.
   (d) കൗൺസലറും കൗൺസലിയും തമ്മിലുള്ള പരസ്പര ബന്ധമാണിത്.

3. ആശയവിനിമയം ആരംഭിക്കുന്ന ഉറവിടമാണ് _______.
   (a) പ്രേക്ഷകൻ (b) മാധ്യമം
   (c) സന്ദേശം (d) പ്രതികരണം

4. MGNREGP യുടെ പൂർണ്ണ രൂപം എഴുതുക.

5. 'ശരിയായ പോഷകം' എന്നുള്ളത് ________ ന്റെ ഘടകങ്ങളിൽ ഒന്നാണ്.
   (a) മലിനീകരണം (b) പരിസ്ഥിതി
   (c) സുസ്ഥിതി (d) സമൂഹം

6. താഴെ പറയുന്നവയിൽ എയ്ഡ്സുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏതാണ് ?
   (a) സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലൂടെയാണ് എയ്ഡ്സ് പകരുന്നത്.
   (b) എയിഡ്സ് രോഗികളെ പൂർണ്ണമായും സമൂഹത്തിൽ നിന്ന് മാറ്റി നിർത്തേണ്ടതാണ്
   (c) പ്രത്യേകമായ കാരണങ്ങളില്ലാതെ തൂക്കം കുറയുന്നത് എയ്ഡ്സിന്റെ ലക്ഷണങ്ങളിൽ ഒന്നാണ്.
   (d) വിദ്യാർത്ഥികൾക്ക് എയ്ഡ്സിനെക്കുറിച്ചുള്ള അവബോധം നൽകേണ്ടതാണ്.

7. Facilitating mutual interactions, the roles, and responsibilities are shared among the group members is part of ________ phase of Social Group Work Process.

(a) Forming (b) Norming

(c) Performing (d) Reforming

8. ________ is the science and art of preserving and improving health.

9. The UN agency give more stress to provide services to improve the lives of children and youth in developing countries is ________.

(a) UNICEF (b) ILO

(c) FAO (d) UNDP

## PART-I

**B. Answer all questions from 10 to 13. Each carries 1 score. (4 × 1 = 4)**

10. Which of the following is not a tool of data collection ?

(a) Observation schedule (b) Interview schedule

(c) Pretest (d) Questionnaire

11. Continuous individualisation is the principle of ________ method of Social Work.

(a) Social Case Work (b) Social Group Work

(c) Community Organisation (d) Social Action

12. Which of the following is not true function of a leader ?

(a) Policy Maker

(b) Planner

(c) Achieving goals by using any means

(d) Executive

13. Which of the following a life style disease ?

(a) Cholera (b) Diabetes

(c) Covid-19 (d) Chicken Pox

7. പരസ്പര ഇടപെടലുകൾ സുഗമമാക്കുവാൻ കടമകളും ഉത്തരവാദിത്തങ്ങളും സംഘാംഗങ്ങൾ ക്കിടയിൽ പങ്കുവെയ്ക്കുന്നത് സോഷ്യൽ ഗ്രൂപ്പ്‌വർക്ക് പ്രക്രിയയുടെ ________ ഘട്ടത്തിലാണ്.
   (a) രൂപീകരണ ഘട്ടം (b) മാനദണ്ഡ രൂപീകരണ ഘട്ടം
   (c) അവതരണ ഘട്ടം (d) പുനർ രൂപീകരണ ഘട്ടം

8. ആരോഗ്യം സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഒരു കലയും ശാസ്ത്രവുമാണ് ________.

9. വികസ്വര രാജ്യങ്ങളിലെ കുട്ടികളുടെയും യുവജനങ്ങളുടെയും ജീവിതം മെച്ചപ്പെടുത്തുവാൻ വേണ്ടി കൂടുതൽ ഊന്നൽ നല്കുന്ന ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസിയാണ് ________.
   (a) UNICEF (b) ILO
   (c) FAO (d) UNDP

## PART-I

**B. 10 മുതൽ 13 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വിതം.**

**(4 × 1 = 4)**

10. താഴെ പറയുന്നവയിൽ വിവര ശേഖരണത്തിന്റെ ഉപകരണം അല്ലാത്തത് ഏത് ?
   (a) നിരീക്ഷണ പട്ടിക (b) അഭിമുഖ ചോദ്യപ്പട്ടിക
   (c) പ്രാരംഭ പരിശോധന (d) ചോദ്യവലി

11. തുടർച്ചയായുള്ള വ്യക്തിവൽകരണം എന്ന തത്വം സോഷ്യൽവർക്കിന്റെ ________ രീതിയാണ്.
   (a) സോഷ്യൽ കേസ് വർക്ക് (b) സോഷ്യൽ ഗ്രൂപ്പ്‌വർക്ക്
   (c) കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (d) സോഷ്യൽ ആക്ഷൻ

12. താഴെ പറയുന്നവയിൽ ഏതാണ് ഒരു നേതാവിന്റെ ശരിയായ പ്രവർത്തനത്തിൽ ഉൾപ്പെടാത്തത് ?
   (a) നയരൂപീകരണം
   (b) ആസൂത്രണം
   (c) ലക്ഷ്യം നേടാൻ ഏതു മാർഗവും സ്വീകരിക്കൽ
   (d) നടപ്പിലാക്കൽ

13. താഴെ പറയുന്നവയിൽ ഏതാണ് ജീവിതശൈലി രോഗം ?
   (a) കോളറ (b) പ്രമേഹം
   (c) കോവിഡ്-19 (d) ചിക്കൻ പോക്സ്

## PART-II

**A. Answer any 2 questions from 14 to 17. Each carries 2 scores. (2 × 2 = 4)**

14. List out any four objectives of Social Group Work.

15. What do you understand by Social Work Research ?

16. Write down any four qualities of a good leader.

17. Draw a chart showing different dimensions of development.

## PART-II

**B. Answer any 2 questions from 18 to 20. Each carries 2 scores. (2 × 2 = 4)**

18. List out any four characteristics of mentally healthy people.

19. Adolescent period is characterised by lot of psycho-social changes. What are the major psycho-social changes taking place during adolescent period ?

20. Mention any two goals of International Social Work.

## PART-III

**A. Answer any 3 questions from 21 to 24. Each carries 3 scores. (3 × 3 = 9)**

21. Write down the activities of any one of the social action group familiar to you.

22. Mention any four types of leadership style and briefly explain about any one of the leadership styles.

23. Resource mobilization is an integral part of any type of development projects. What are the different methods of resource mobilization ?

24. Write a short note on National AIDS Control Programme.

## PART-II

**A. 14 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വിതം.** **(2 × 2 = 4)**

14. സോഷ്യൽ ഗ്രൂപ്പ് വർക്കിന്റെ ഏതെങ്കിലും നാല് ഉദ്ദേശ്യങ്ങൾ എഴുതുക.

15. സോഷ്യൽ വർക്ക് റിസർച്ച് എന്നതുകൊണ്ട് നിങ്ങൾ എന്താണ് മനസിലാക്കുന്നത് ?

16. ഒരു നല്ല നേതാവിനുവേണ്ട ഏതെങ്കിലും നാല് ഗുണങ്ങൾ എഴുതുക.

17. വികസനത്തിന്റെ വിവിധ തലങ്ങൾ കാണിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.

## PART-II

**B. 18 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വിതം.** **(2 × 2 = 4)**

18. മാനസികാരോഗ്യമുള്ള വ്യക്തികളുടെ ഏതെങ്കിലും നാല് സ്വഭാവ സവിശേഷതകൾ എഴുതുക.

19. കൗമാര കാലഘട്ടം നിരവധി മനോ-സാമൂഹ്യ മാറ്റങ്ങളുടെ സവിശേഷതകളോടു കൂടിയുള്ളതാണ്. ഈ കാലഘട്ടത്തിൽ ഉടലെടുക്കുന്ന മുഖ്യമായ മനോ-സാമൂഹ്യ മാറ്റങ്ങൾ ഏവ ?

20. അന്തർദേശീയ സാമുഹ്യ പ്രവർത്തനത്തിന്റെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ പ്രതിപാദിക്കുക.

## PART-III

**A. 21 മുതൽ 24 വരെ ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വിതം.** **(3 × 3 = 9)**

21. നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു സോഷ്യൽ ആക്ഷൻ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ എഴുതുക.

22. ഏതെങ്കിലും നാല് തരത്തിലുള്ള നേതൃത്വ ശൈലികൾ പ്രതിപാദിക്കുക. ഏതെങ്കിലും ഒന്നിനെ കുറിച്ച് ലഘുവായി വിശദീകരിക്കുക.

23. വിഭവസമാഹരണം എന്നത് ഏത് തരത്തിലുള്ള വികസന പദ്ധതികളുടെയും അവിഭാജ്യ ഘടകമാണ്. വിഭവസമാഹരണത്തിന്റെ വിവിധ രീതികൾ ഏവ ?

24. ദേശീയ എയിഡ്സ് നിയന്ത്രണ പരിപാടിയെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

## PART-III

**B. Answer any 2 questions from 25 to 27. Each carries 3 scores. (2 × 3 = 6)**

25. What are the functions of Public Relation Officer is an organisation ?

26. Explain any three determinants of health of an individual.

27. What is Career guidance ? Discuss about various aspects to be considered for Planning a Career.

## PART-IV

**A. Answer any 3 questions from 28 to 31. Each carries 4 scores. (3 × 4 = 12)**

28. Briefly describe about four components of Social Case Work.

29. Explain the functions of Social Welfare Administration with the help of POSDCORB.

30. Barriers of communication occur at any stage of communication process. Briefly explain any four barriers of communication with the help of suitable example.

31. Counsellors should have certain skills for intervention. What are the essential skills required for counselling ?

## PART-IV

**B. Answer any 1 question from 32 to 33. Carries 4 scores. (1 × 4 = 4)**

32. Suppose you are appointed as a Community Development Manager by an NGO in a tribal village. How will you study the details of the community with the help of tools and techniques of PRA ? (Use any four tools of PRA)

33. Imparting Sex Education should be made as part of academic curriculum. In this context write down the major objectives of sex education.

## PART-III

**B. 25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(2 × 3 = 6)**

25. ഒരു സ്ഥാപനത്തിൽ പബ്ലിക് റിലേഷൻ ഓഫീസർ നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ഏവ ?

26. ഒരു വ്യക്തിയുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്ന ഏതെങ്കിലും മൂന്ന് ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.

27. എന്താണ് കരിയർ ഗൈഡൻസ് ? കരിയർ ആസൂത്രണം ചെയ്യുമ്പോൾ പരിഗണിക്കപ്പെടേണ്ട വിവിധ വശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

## PART-IV

**A. 28 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

28. സോഷ്യൽ കേസ് വർക്കിന്റെ നാല് ഘടകങ്ങളെക്കുറിച്ച് ലഘുവായി വിശദീകരിക്കുക.

29. സോഷ്യൽ വെൽഫയർ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനങ്ങൾ POSDCORB ന്റെ സഹായത്തോടെ വിവരിക്കിക.

30. ആശയവിനിമയ പ്രക്രിയയുടെ ഏത് ഘട്ടത്തിലും തടസ്സങ്ങളുണ്ടാവാം ഏതെങ്കിലും നാല് തരത്തിലുള്ള ആശയ വിനിമയ തടസ്സങ്ങളെകുറിച്ച് അനുയോജ്യമായ ഉദാഹരണ സഹിതം വിശദമാക്കുക.

31. കൗൺസലർമാർക്ക് ഇടപെടലുകൾ നടത്താൻ ചില പാടവങ്ങൾ ആവശ്യമാണ്. കൗൺസലിംഗിന് ആവശ്യമായ സുപ്രധാന പാടവങ്ങൾ ഏവ ?

## PART-IV

**B. 32 മുതൽ 33 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ** **(1 × 4 = 4)**

32. ഒരു സന്നദ്ധ സംഘടന നിങ്ങളെ ഒരു ആദിവാസി ഗ്രാമത്തിൽ കമ്മ്യൂണിറ്റി വികസന മാനേജരായി നിയോഗിച്ചുവെന്ന് കരുതുക. PRA യുടെ ഏതെങ്കിലും നാല് ഉപാധികളുടെ സഹായത്താൽ നിങ്ങൾ എങ്ങനെ ആ കമ്മ്യൂണിറ്റിയുടെ വിവരങ്ങൾ ശേഖരിക്കുമെന്ന് വ്യക്തമാക്കുക. ?

33. ലൈംഗിക വിദ്യാഭ്യാസം പകർന്നു നൽകേണ്ടത് പാഠ്യപദ്ധതിയുടെ ഒരു ഭാഗമാക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ എഴുതുക.

## PART-V

**Answer any 2 questions from 34 to 36. Each carries 6 scores.** **(2 × 6 = 12)**

34. What is Community Organisation ? Briefly explain various stages of community organisation process.

35. Mention the importance of indicators of health. Briefly explain the various mortality indicators of health.

36. What is Pollution ? Discuss about various steps which can be used to control and prevent all types of pollution.

## PART-V

**34 മുതൽ 36 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 × 6 = 12)**

34. എന്താണ് കമ്മ്യൂണിറ്റി ഓർഗനൈസേഷൻ ? കമ്മ്യൂണിറ്റി ഓർഗനൈസേഷൻ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ച് ലഘുവായി വിശദീകരിക്കുക.

35. ആരോഗ്യ സൂചകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുക. ആരോഗ്യത്തിന്റെ മരണനിരക്ക് സൂചകങ്ങളെ കുറിച്ച് ലഘുവായി വിവരിക്കുക.

36. എന്താണ് മലിനീകരണം ? എല്ലാവിധ മലിനീകരണവും തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ വിവിധ നടപടികളെക്കുറിച്ച് ചർച്ചചെയ്യുക.